# രാമകഥയുടെ ഗോത്രഭാഷ്യം - 'കാഞ്ചനസീത' സിനിമയിലെ പ്രായോഗിക ഫോക്‌ലോറിനെ മുൻനിർത്തിയുള്ള പഠനം

സിംപ്ള്‍ എ. ഇസെഡ് *

പ്രായോഗിക ഫോക്‌ലോറിന്റെ വിപണന സാധ്യത ഏറ്റവുമധികം പ്രയോജനപ്പെടുത്തുന്ന മാധ്യമമാണ് സിനിമ. നാടോടി - വാങ്മയ - ദൃശ്യ - സൗന്ദര്യാനുഭൂതികൾ ഒപ്പിയെടുത്ത് സിനിമയുടെ കാൻവാസിലൂടെ ജനഹൃദയങ്ങളിലെത്തിക്കുക വഴി സമൂഹ മനസ്സിനെ കവർന്നുകൊണ്ടുള്ള പുതിയ വിപണന തന്ത്രങ്ങൾ പയറ്റിനോക്കുക കൂടിയാണ് സിനിമ ചെയ്യുന്നത്. നാടൻ പാട്ടുകളോ വായ്ത്താരികളോ നാടൻ വാദ്യോപകരണങ്ങളുടെ സംഗീതമോ നാടൻ കലകളുടെ അവതരണമോ സിനിമയിലൂടെ പ്രേക്ഷകനിലെത്തിക്കുക വഴി പ്രായോഗിക ഫോക്‌ലോറിന്റെ സാധ്യതകൾ സിനിമ തുറന്നിടുന്നു. ആർട്ട് / കൊമേഴ്സ്യൽ എന്നിങ്ങനെയുള്ള വേർതിരിവുകൾ ഇല്ലാതെ എല്ലാത്തരം സിനിമകളിലും പ്രായോഗിക ഫോക് ലോറിനെ ഏറ്റവുമധികം പ്രയോജനപ്പെടുത്തിയത് അരവിന്ദനാണെന്നു കാണാം. അദ്ദേഹത്തിന്റെ 'കാഞ്ചനസീത'യും 'കുമ്മാട്ടി'യുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. പരമ്പരാഗത ധാരണകളെ തച്ചുടച്ച് രാമായണത്തിന് പുതിയ ഭാഷ്യം സൃഷ്ടിക്കുകയാണ് 'കാഞ്ചനസീത'യിലൂടെ അരവിന്ദൻ ചെയ്തത്. രാമായണ കഥയെ ഗോത്ര ജീവിത കഥയായി അഭ്രപാളിയിൽ പുനഃസൃഷ്ടിക്കുക വഴി സാധാരണ ജനങ്ങൾക്ക് അപരിചിതമായ ആശയത്തെ വെളിവാക്കുകയായിരുന്നു അരവിന്ദൻ എന്ന സംവിധായകൻ. "മലയാളത്തിലെ സംവിധായകന്മാരുടെ നിരയിൽ അരവിന്ദൻ മാത്രമാണ് വ്യവസ്ഥാപിത ധാരണകളിൽനിന്നു കുതറി മാറി ഇത്രയേറെ വ്യതിരിക്തമായ രീതിയിൽ സ്വന്തം സിനിമാപ്രതിഭയുടെ സാധുത തേടാൻ ശ്രമിച്ചു കാണുന്നത്. 1 എന്ന് വി. രാജ

* ഗവേഷക, ശ്രീ കേരളവർമ്മ കോളേജ്, simpleakkara@gmail.com 8289864721)

കൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്. ഇതിഹാസ കഥയെ ഗോത്രജീവിതകഥയാക്കി ക്കൊണ്ട് അപ്ലൈഡ് ഫോക്‌ലോറിന്റെ നൂതനവും വ്യത്യസ്തവുമായ മാതൃക അരവിന്ദൻ കാണിച്ചു തന്നു. അപ്ലൈഡ് ഫോക്‌ലോർ 'കാഞ്ചനസീത'യെ വ്യത്യസ്തമാക്കുന്നത് എങ്ങനെയെന്ന് അന്വേഷിക്കുകയാണ് ഈ പഠനത്തിലൂടെ ചെയ്യുന്നത്.

## പ്രായോഗിക ഫോക്‌ലോർ (Applied Folklore)

ഫോക്‌ലോറിസത്തിന്റെ ഭാഗമായി രൂപപ്പെട്ടു വന്നതാണ് "പ്രായോഗിക ഫോക്‌ലോർ അഥവാ അപ്ലൈഡ് ഫോക്‌ലോർ". ഏതൊരു ഫോക്‌ലോറിന്റെയും സ്വാഭാവികമായ ചുറ്റുപാടുകളിൽ നിന്ന് വ്യത്യസ്തമായി പുതിയതും രണ്ടാമത്തേതുമായ ചുറ്റുപാടുകളിൽ നിലനില്ക്കുന്ന ഫോക്‌ലോറിനെയാണ് ഫോക്‌ലോറിസം എന്നു പറയുന്നത്. 2 ഫോക്‌ലോറിസത്തിന് സ്വാഭാവികമായ ചുറ്റുപാടുകൾ ഇല്ലെങ്കിലും അതംഗീകരിക്കുന്ന ഒരു സമൂഹം പുതിയ ചുറ്റുപാടിലും ഉണ്ടായിരിക്കും. അപ്ലൈഡ് ഫോക്‌ലോർ ഇതിൽ നിന്ന് വ്യത്യസ്തമാണ്. ഫോക്‌ലോറിന്റെ ആശയ വിനിമയത്തിനുള്ള കഴിവിനെയാണ് അപ്ലൈഡ് ഫോക്‌ലോർ ഉപയോഗപ്പെടുത്തുന്നത്. ഫോക്‌ലോറിനെ അതിന്റെ തനിമയിലോ ചുറ്റുപാടിലോ അല്ല അപ്ലൈഡ് ഫോക്‌ലോർ ഉപയോഗിക്കുന്നത്. ഫോക്‌ലോറിനുള്ള നിയമങ്ങളും അപ്ലൈഡ് ഫോക്‌ലോറിൽ അപ്രത്യക്ഷമാകുന്നു. വിപണന തന്ത്രമാണ് മിക്കപ്പോഴും അപ്ലൈഡ് ഫോക്‌ലോറിനു പിന്നിലുണ്ടാവുക. യഥാർത്ഥ ഫോക്‌ലോർ അല്ലെങ്കിലും അങ്ങനെയാണ് എന്ന് തോന്നിപ്പിക്കുകയാണ് അപ്ലൈഡ് ഫോക്‌ലോറിൽ ചെയ്യുന്നത്. ഏതെങ്കിലും ഒരാശയത്തെ ജനഹൃദയങ്ങളിലെത്തിക്കുന്നതിനായി പ്രചാരണോപാദി എന്ന നിലയ്ക്കും അപ്ലൈഡ് ഫോക്‌ലോറിനെ ഉപയോഗപ്പെടുത്താറുണ്ട്. സിനിമയിൽ അപ്ലൈഡ് ഫോക്‌ലോർ ഉപയോഗപ്പെടുത്തുമ്പോൾ ഈ രണ്ടു ലക്ഷ്യങ്ങളും (വിപണനം/ആശയ പ്രചരണം) ഉണ്ടാകാറുണ്ട്. ആര്യവംശത്തെ ഗോത്രവംശമായി 'കാഞ്ചനസീത'യിൽ ആവിഷ്ക്കരിച്ചതിനു പിന്നിൽ ഇത്തരം ലക്ഷ്യങ്ങൾ ഉണ്ടായിരുന്നിരിക്കാം.

## കാഞ്ചനസീത - നാടകവും സിനിമയും

സി.എൻ. ശ്രീകണ്ഠൻ നായരുടെ നാടകത്രയത്തിലെ ആദ്യത്തെ നാടകമാണ് 'കാഞ്ചനസീത'. ഉത്തര കാണ്ഡത്തെ പ്രമേയമാക്കി എടുത്ത് സി.എൻ. രചിച്ച ഈ നാടകം ഭാഷ കൊണ്ടും വികാരവത്തായ അഭിനയ മുഹൂർത്തങ്ങൾ കൊണ്ടും മഹത്തരമാണ്. സംഭാഷണ പ്രധാനമായ ഈ നാടകം ഇതിഹാസത്തിന്റേതായ ഗാംഭീര്യം നിലനിർത്തുന്നുണ്ട്. സംഭാഷണങ്ങളിലൂടെ ഉജ്ജ്വലമാക്കിയ കഥാപാത്രസൃഷ്ടി സി. എന്നിന്റെ പ്രതിഭാവിലാസത്തിന് തെളിവാണ്. നാടകത്തിലെ സ്ത്രീകളടക്കമുള്ള കഥാപാത്രങ്ങൾക്കെല്ലാം സവിശേഷമായ വ്യക്തിത്വം ഉണ്ട് എന്നത് ശ്രദ്ധേയമാണ്. ഇബ്സനിസ്റ്റ് നാടകവേദിയോടുള്ള ചായ്‌വ് 'കാഞ്ചനസീത'യിൽ ദർശിക്കാം. ഇതിഹാസത്തെക്കുറിച്ചുള്ള സാമാന്യ ധാരണയെ തകർക്കാതെ രാമന്റെ അന്തഃസംഘർഷങ്ങളെ ആധാരമാക്കിയാണ് സി.എൻ. ശ്രീകണ്ഠൻ നായർ നാടക രചന നടത്തിയിരിക്കുന്നത്. നാടകത്തിലെ കഥാതന്തുവിന്റെ വികാസത്തിനൊപ്പം സംഘർഷവും വർദ്ധിക്കുന്നു. നാടകത്തിലെ സംഘർഷം പ്രേക്ഷക

മനസ്സിലും വികാര വേലിയേറ്റങ്ങളുടെ സംഘർഷം സൃഷ്ടിക്കുന്നുണ്ട്. ജീവസ്സുറ്റ കഥാപാത്രസൃഷ്ടിയാലും അഭിനയ മുഹൂർത്തങ്ങളാലും സംഭാഷണ ചടുലതയാലും പ്രേക്ഷക മനസ്സിനെ തൃപ്തിപ്പെടുത്തുന്നതാണ് 'കാഞ്ചനസീത' എന്ന നാടകം.

അരവിന്ദന്റെ പരീക്ഷണ സിനിമയാണ് 'കാഞ്ചനസീത'. സി.എൻ. ശ്രീകണ്ഠൻ നായരുടെ നാടകത്തെ അവലംബമാക്കിയാണ് സിനിമയെടുത്തിരിക്കുന്നത്. എന്ന് സിനിമയുടെ ആരംഭത്തിൽ തന്നെ പറഞ്ഞുവെക്കുന്നുണ്ട്. എന്നാൽ നാടകവും സിനിമയും തമ്മിൽ വലിയ അന്തരമുണ്ട്. ശ്രീകണ്ഠൻ നായരുടെ നാടകത്തിലെ ചില സംഭാഷണ ശകലങ്ങൾ എടുത്തതൊഴിച്ചാൽ സിനിമയ്ക്ക് നാടകവുമായി വലിയ ചർച്ചയൊന്നുമില്ല. അതിനാൽ തന്നെ 'കാഞ്ചനസീത'എന്ന നാടകവുമായി 'കാഞ്ചനസീത' എന്ന സിനിമയെ താരതമ്യം ചെയ്താൽ സിനിമ പരാജയമായേ അനുഭവപ്പെടുകയുള്ളൂ. അരവിന്ദന്റെ സ്വകീയാവിഷ്ക്കാരം എന്ന നിലയിൽ വേണം 'കാഞ്ചനസീത' എന്ന സിനിമയെ നോക്കി കാണാൻ. നാടകത്തിൽ കാണുന്നതുപോലെ നിരവധി കഥാപാത്രങ്ങളും സംഭാഷണങ്ങളും സിനിമയിലില്ല. ഇതിഹാസത്തെക്കുറിച്ചുള്ള സാമാന്യ ധാരണകളെ പൊളിച്ചെഴുതുന്നതാണ് അരവിന്ദന്റെ 'കാഞ്ചനസീത'. ആരണ്യവും അയോദ്ധ്യയും തമ്മിൽ വലിയ വ്യത്യാസമൊന്നും അരവിന്ദന്റെ സിനിമയിൽ കാണുന്നില്ല. വിരലിലെണ്ണാവുന്ന കഥാപാത്രങ്ങളും തുച്ഛമായ സംഭാഷണങ്ങളുമാണ് സിനിമയിലുള്ളത്. സിനിമ ദൃശ്യസാധ്യതയുടെ കലയായതുകൊണ്ടാകണം ദൃശ്യബിംബങ്ങൾ വഴി പ്രേക്ഷകനോടു സംവദിക്കാൻ 'കാഞ്ചനസീത'യിലൂടെ അരവിന്ദൻ ശ്രമിച്ചിരിക്കുന്നു.

'സീത/സ്ത്രീ പ്രകൃതിയാണ്' എന്ന സംശയം നാടകത്തിൽ നിന്ന് അരവിന്ദൻ കടമെടുത്തിട്ടുണ്ട്. ഈ ആശയത്തെ ദൃശ്യവൽക്കരിക്കാൻ സിനിമയിൽ ശ്രമിച്ചിരിക്കുന്നു. ഒരു പരിധിവരെ അതു വിജയിച്ചിട്ടുണ്ട്. പ്രകൃതി ഒരു കഥാപാത്രമായി വരുന്ന ആദ്യ സിനിമയിൽ ആവിഷ്ക്കരിക്കുന്നത് ചലനാത്മകമായ പ്രകൃതിയുടെ ദൃശ്യവൽക്കരണത്തിലൂടെയാണ്. എല്ലാറ്റിലുമുപരി സിനിമയിൽ ശ്രദ്ധിക്കപ്പെടേണ്ട വസ്തുത ഗോത്ര ജീവിതകഥയായി അരവിന്ദൻ രാമായണ നാടകത്തെ അനുകല്പനം ചെയ്തു എന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അപ്ലൈഡ് ഫോക്‌ലോറിന്റെ സാധ്യത അരവിന്ദൻ സിനിമയിൽ പ്രയോജനപ്പെടുത്തി. രാമായണത്തിന് പാഠങ്ങൾ നിരവധിയാണ്. എന്നാൽ ജനസാമാന്യത്തിനിടയിൽ നിലനിൽക്കുന്ന പാഠം വരേണ്യവർഗ്ഗ ബോധത്തിന്റെയും താല്പര്യങ്ങളുടെയും നിർമ്മിതിയാണ്. അരവിന്ദൻ 'കാഞ്ചനസീത' എടുക്കുന്ന കാലത്ത് (1977) സാധാരണ ജനങ്ങൾക്ക് ആര്യവംശത്തെ ഗോത്രവംശമായി സങ്കല്പിക്കുക കൂടി അസാധ്യമായിരുന്നു. ഇന്ന് ആ സ്ഥിതിയിൽ നിന്ന് അക്കാദമിക സമൂഹം മാറിയിരിക്കുന്നു എന്നത് ഓർക്കേണ്ടതാണ്. സിനിമയുടെ പരമ്പരാഗതമായ സൗന്ദര്യബോധത്തെ ഉടച്ചുവാർക്കാൻ പരിശ്രമിച്ചു എന്നതു മാത്രമല്ല 'കാഞ്ചനസീത' എന്ന സിനിമയുടെ പ്രത്യേകത. പൊതു സമൂഹത്തിന്റെ ഇടയിൽ വരേണ്യ സമൂഹം സൃഷ്ടിച്ച ചില ധാരണകളെ തച്ചുടക്കാൻ ശ്രമിച്ചു എന്നതും ഈ സിനിമയുടെ സവിശേഷതയാണ്. രാമായണ കഥയെ ഗോത്ര ജീവിത കഥയായി പരിണമിപ്പിക്കുക വഴി അനുകല്പന സിനിമയിൽ അപ്ലൈഡ് ഫോക്‌ലോറിന്റെ സാധ്യതകൂടിയാണ് അരവിന്ദൻ തുറന്നിട്ടത്.

## ഇതിഹാസത്തിനു ഗോത്രഭാഷ്യം ചമയ്ക്കുമ്പോൾ

ഇന്ത്യയുടെ മഹത്തായ ഇതിഹാസങ്ങളിലൊന്നാണ് രാമായണം. ദൈവികതയും മാനുഷികതയും ഇഴപിരിയാതെ രാമകഥയിൽ ചേർന്നുപോകുന്നു. രാമൻ എന്ന 'ആദർശം' സംഘർഷങ്ങളെ സംയമനത്തോടെ നേരിടുന്ന മനുഷ്യന്റെ പ്രതീകമാണ്. ഒരേ സമയം രാജാവും മനുഷ്യനും ദൈവവും ഒക്കെ ആയിത്തീരുന്ന മനുഷ്യനിലെ തന്നെ പല ഭാവങ്ങളുടെ സമന്വയമാണ് രാമൻ. വ്യക്തിയുടെ നിഗൂഢമായ ആന്തരിക സംഘർഷങ്ങളെ അതിന്റെ ഗഹനതയിൽ ആവിഷ്ക്കരിക്കുന്നതിനാലാണ് രാമായണ കഥ ഇതിഹാസ പദവിയിലേക്ക് ഉയർത്തപ്പെട്ടത്.

വാല്മീകി രചിച്ച രാമായണകഥയാണ് സാധാരണ ജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ളത്. അതിന്റെ തന്നെ കർത്തൃത്വം ഇന്ന് ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. രാമകഥയിൽ നിരവധി കൂട്ടിചേർക്കലുകളും വെട്ടിച്ചുരുക്കലുകളും കാലാകാലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും അധീശ വർഗ്ഗത്തിന്റെ താല്പര്യാനുസരണം കഥകൾ മാറ്റി എഴുതപ്പെടാറുണ്ട്. അതുകൊണ്ട് തന്നെ ഒരു കഥക്ക് പാഠങ്ങൾ അനവധിയായിരിക്കും. രാമകഥയുടെ കാര്യവും വ്യത്യസ്തമല്ല. രാമകഥ ആദ്യം രൂപപ്പെട്ടത് ഒരു പക്ഷേ ഗോത്ര വർഗ്ഗങ്ങൾക്കിടയിൽ തന്നെ ആകണം. പിന്നീട് നാഗരിക ജനത ആവശ്യമായ മാറ്റങ്ങളോടെ അതേറ്റെടുത്തിരിക്കാനാണ് സാധ്യത. 'വയനാടൻ രാമായണം' പോലുള്ള പുതു പഠനങ്ങൾ ഇത്തരത്തിലുള്ള സാധ്യതകൾ ചൂണ്ടി കാണിക്കുന്നുമുണ്ട്.

രാമായണം ഗോത്ര വംശജരുടെ കഥയാണ് എന്ന ആശയം പൊതു സമൂഹത്തിനു മുന്നിൽ ആദ്യം വെളിപ്പെടുത്തിയത് 'കാഞ്ചനസീത' എന്ന സിനിമയിലൂടെ അരവിന്ദനാകണം. എന്നാൽ അത് ഉൾക്കൊള്ളാൻ തക്ക മനസ്സ് അന്നത്തെ ഭൂരിഭാഗം വരുന്ന ജനസാമാന്യത്തിനും ഉണ്ടായിരുന്നില്ല എന്നുവേണം കരുതാൻ. രാമ-ലക്ഷ്മണന്മാരുടെ നിറത്തേയും മുഖത്തേയും വസ്ത്രത്തേയും രൂപത്തേയും ചൊല്ലി 'കാഞ്ചനസീത' നേരിട്ട വിമർശനങ്ങൾ ഈ വസ്തുത വെളിപ്പെടുത്തുന്നു.

ആടയാഭരണങ്ങൾ അധികമില്ലാത്ത ആദിവാസി സമൂഹങ്ങളിലെ അംഗങ്ങളുടെ വേഷമാണ് അരവിന്ദന്റെ കഥാപാത്രങ്ങൾക്ക്. രാമനോ ലക്ഷ്മണനോ ഊർമ്മിളക്കോ സ്വർണ്ണാഭരണങ്ങൾ ഒന്നും തന്നെയില്ല. തൂവൽ കൊണ്ടലങ്കരിച്ച മുടിയാണ് ക്ഷത്രിയരാണ് എന്നതിന്റെ അടയാളം. കഥാപാത്രങ്ങൾ ധരിച്ചിരിക്കുന്ന ആഭരണങ്ങൾ മിക്കതും മരം കൊണ്ടുള്ളവയാണ്. അരവിന്ദന്റെ കഥാപാത്രങ്ങളുടെ ആകെപ്പാടെയുള്ള കെട്ടിലും മട്ടിലും നിന്ന് അവർ ആദിവാസി സമൂഹമാണെന്ന് വ്യക്തമാകുന്നു.

പ്രകൃതിയോടിണങ്ങിയ ജീവിതവ്യവസ്ഥയാണ് രാമലക്ഷ്മണന്മാർക്കുള്ളത്. സിനിമയിൽ പ്രകൃതി ഒരു കഥാപാത്രമായി തന്നെ പരിണമിക്കുന്നു. അയോദ്ധ്യയിലെ കൊട്ടാരം സിനിമയിൽ കാണുന്നില്ല. പകരം കാട്ടിൽ തന്നെയുള്ള ഒരു ഗുഹയാണ് രാമലക്ഷ്മണന്മാരുടെ വസതി. ഇതിഹാസത്തിലെ അമാനുഷികമായ രംഗങ്ങളും വർണ്ണപ്പൊലിമയും സിനിമയിൽ ഇല്ല. ഒരു ഗോത്രകഥ എന്ന രീതിയിൽ രാമകഥയെ വ്യാഖ്യാനിക്കാൻ ആണ് അരവിന്ദൻ ശ്രമിച്ചു കാണുന്നത്. ഗോത്രകഥയായി രാമായണത്തെ പരിവർത്തിപ്പിക്കുമ്പോഴും

ചില ദാർശനിക തലങ്ങൾ സിനിമയിലൂടെ മുന്നോട്ടു വെക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. സീത / സ്ത്രീ നശിക്കുന്നില്ല... സീത പ്രകൃതിയാണ് എന്ന ആശയമാണ് അതിൽ മുഖ്യം.

ഈ പാരിസ്ഥിതിക സമന്വയ വീക്ഷണം നാഗരിക ജനതയുടേതല്ല. മനുഷ്യൻ പ്രകൃതിയിൽനിന്ന് ഭിന്നനല്ലെന്ന തിരിച്ചറിവ് ഗോത്രജനതയ്ക്കുണ്ടായിരുന്നു. പ്രകൃതിയോടിണങ്ങിയുള്ള ആദിവാസി – ഗോത്ര സമൂഹങ്ങളുടെ ജീവിതം ഇതു വ്യക്തമാക്കുന്നു. രാമായണകഥയെ ഗോത്ര സമൂഹത്തിന്റെ കഥയാക്കി മാറ്റുമ്പോൾ അരവിന്ദൻ പ്രകൃതിയെ പ്രധാന കഥാപാത്രങ്ങളിലൊന്നാക്കി മാറ്റിയത് പ്രകൃതിയും ഗോത്ര സമൂഹവും തമ്മിലുള്ള ബന്ധം അത്രമേൽ സുദൃഢമെന്ന ബോധ്യം അദ്ദേഹത്തിനുള്ള തിനാലാണ്. ഇതിഹാസ കഥയെ ഗോത്രകഥയാക്കി മാറ്റുമ്പോഴും അതിന്റെ ദാർശനിക മാനം കൈവിടാതെ അദ്ദേഹം സൂക്ഷിച്ചു. രാമായണേതിഹാസത്തിന്റെ മഹത്വം അതിന് ഗോത്രഭാഷ്യം ചമച്ചപ്പോഴും അരവിന്ദൻ നഷ്ടപ്പെടുത്തിയില്ല എന്നത് ശ്രദ്ധേയമാണ്.

## അപ്ലൈഡ് ഫോക്‌ലോറിന്റെ പ്രയോഗം സിനിമയിൽ

രാമായണകഥ ഗോത്രജീവിത കഥയായി സങ്കല്പിക്കുകയും ആ ഗോത്രജീവിത കഥ സിനിമയിൽ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ 'കാഞ്ചനസീത' എന്ന സിനിമ മുന്നോട്ടു വെക്കുന്നത് അപ്ലൈഡ് ഫോക്‌ലോറിന്റെ സാധ്യതകളാണ്. ഗോത്രവർഗ്ഗങ്ങൾക്കിടയിൽ രാമായണകഥ അവരുടെ ജീവിത തനിമയോടുകൂടി നിലനില്ക്കുന്ന വസ്തുത ഭൂരിഭാഗം വരുന്ന സാധാരണ ജനങ്ങൾക്കും അറിഞ്ഞുകൂടാ. ഈ വസ്തുതയെ ജനസമൂഹത്തിനിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യം 'കാഞ്ചനസീത'യിലെ അപ്ലൈഡ് ഫോക്‌ലോറിനു പിന്നിലുണ്ട്.

പരമ്പരാഗത ധാരണകളെ തിരുത്തുകയും പരിഷ്കരിക്കുകയും ചെയ്യുക എന്നത് ഏതൊരു കലയുടെയും ലക്ഷ്യമാണ്. 'കാഞ്ചനസീത'യിൽ അപ്ലൈഡ് ഫോക്‌ലോർ സ്വീകരിക്കുക വഴി രാമായാണത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ തിരുത്തുവാനും പരിഷ്കരിക്കാനും ശ്രമിച്ചിരിക്കുന്നു.

അപ്ലൈഡ് ഫോക്‌ലോറിന്റെ പ്രധാന സവിശേഷത ഫോക്‌ലോറിനെ അതിന്റെ തനിമയിലും ചുറ്റുപാടിലും അല്ല ഉപയോഗിക്കുക എന്നുള്ളതാണ്. സിനിമയിൽ ഇതൊരു കുറവായി അനുഭവപ്പെടുന്നു. ആശയ സംവേദനത്തിനായി കൃത്രിമമായി സൃഷ്ടിച്ച കഥയായി 'കാഞ്ചനസീത' അനുഭവപ്പെടും. കഥാപാത്രങ്ങളുടെ വേഷവിധാനങ്ങളിൽ പ്രകടമാകുന്ന കൃത്രിമത്വം പ്രേക്ഷകനെ അലോസരപ്പെടുത്തും. ഊർമ്മിളയുടെ വേഷവിധാനം ഒരു ആദിവാസി സ്ത്രീയുടേതോ രാജപത്നിയുടേതോ ആയി തോന്നുകയില്ല. സിനിമയുടെ വിപണന തന്ത്രം കൂടി ലാക്കാക്കിയാണ് ഊർമ്മിളയുടെ വസ്ത്രം നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തം. മറ്റു കഥാപാത്രങ്ങളെയെല്ലാം ആദിവാസി ജനതയുടെ തനിമയോടുകൂടി ചിത്രീകരിക്കാൻ ശ്രമിച്ചു കാണുമ്പോൾ ഊർമ്മിളയുടെ കാര്യത്തിൽ നിറത്തിലായാലും രൂപത്തിലായാലും വേഷത്തിലായാലും ഈ നിർബന്ധം പാലിക്കുന്നില്ല. അപ്ലൈഡ് ഫോക്‌ലോറിന് വ്യവസ്ഥാപിത നിയമങ്ങളില്ലാത്തതിനാൽ ഈ ന്യൂനതകൾ പ്രാധാന്യ മർഹിക്കുന്നില്ല. വിപണിയാണ് അപ്ലൈഡ് ഫോക്‌ലോറിനു പിന്നിലുള്ള മുഖ്യ ലക്ഷ്യം.

അതിനാൽ തന്നെ വിപണിക്കുവേണ്ടി വികലമാക്കപ്പെടുന്ന ഫോക്‌ലോറിനെ ചിലപ്പോഴെല്ലാം അപ്ലൈഡ് ഫോക്‌ലോർ സാധൂകരിക്കുന്നു.

കഥാപാത്രങ്ങളുടെയും സംഭാഷണങ്ങളുടെയും മിതത്വം സിനിമയിൽ ദർശിക്കാം. ഇതും പ്രേക്ഷകനിൽ കൃത്രിമത്വം ഉളവാക്കുന്നു. കുസൃതി കുട്ടികളായ ലവകുശന്മാർ പോലും മൂക ജീവിത തല്പരരാണെന്നു സിനിമ കണ്ടാൽ തോന്നിപോകും. ഫോക്‌ലോറിനെ അപ്ലൈഡ് ഫോക്‌ലോർ ആക്കി മാറ്റുമ്പോൾ സംവിധായകൻ ശ്രദ്ധയൂന്നിയത് രാമകഥയുടെ ദാർശനിക തലത്തിലേക്കായതുകൊണ്ടാകാം കഥാപാത്രങ്ങൾ മൂകരായി പോയത്. എന്നാൽ കഥയുടെ സ്വാഭാവികത അപ്ലൈഡ് ഫോക്‌ലോറിൽ നഷ്ടപ്പെട്ടു എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

അപ്ലൈഡ് ഫോക്‌ലോറാക്കി രാമകഥയെ പരിണമിപ്പിച്ചപ്പോൾ ഏറ്റവുമധികം ശ്രദ്ധിക്കേണ്ടിയിരുന്നത് സംഭാഷണത്തിന്റെ കാര്യത്തിലായിരുന്നു. എന്നാൽ സിനിമയുടെ ഏറ്റവും വലിയ വീഴ്ച സംഭാഷണങ്ങളായിരുന്നു. കഥാപാത്രങ്ങളുടെ രൂപത്തിനിണങ്ങാത്ത ഭാഷാശൈലിയാണ് 'കാഞ്ചനസീത'യിൽ സ്വീകരിച്ചിരിക്കുന്നത്. നാടകത്തിൽ നിന്ന് കടമെടുത്ത ചുരുങ്ങിയ സംഭാഷണങ്ങളെ സിനിമയിൽ ഉള്ളൂ. ഇതിഹാസത്തിന് നാടകരൂപം ചമയ്ക്കുമ്പോൾ അതിന് ഇണങ്ങിയ സംസ്കൃത പ്രഭാവമുള്ള ഭാഷയാണ് സി.എൻ. ശ്രീകണ്ഠൻ നായർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ സിനിമയിലെ ഗോത്ര സമൂഹത്തിന് ഒരിക്കലും ഇണങ്ങുന്നതല്ല സംസ്കൃത പദമേറിയ മലയാള ഭാഷ. ഗോത്ര സമൂഹത്തിന് ഒരിക്കലും ഇണങ്ങുന്നതല്ല സംസ്കൃതപദമേറിയ മലയാള ഭാഷ. ഗോത്ര സമൂഹത്തിന്റെ തന്നെ തനതായ ഭാഷയോ അതിനോടു ചേർന്നുപോകുന്ന തരത്തിലുള്ള കൃത്രിമ ഭാഷയോ ഉപയോഗിക്കുന്നതായിരുന്നു യുക്തി. കൂടുതൽ സ്വാഭാവികതയ്ക്കു അത് ഉപകരിക്കുമായിരുന്നു.

സിനിമയുടെ തലത്തിൽ നിന്ന് ചിന്തിക്കുമ്പോൾ കുറവുകൾ നിരവധി 'കാഞ്ചനസീത' യിൽ ചൂണ്ടി കാണിക്കാമെങ്കിലും രാമകഥയെ ഫോക്‌ലോറിന്റെ തനിമയിൽ കൊണ്ടുവരാൻ ശ്രമിച്ചു എന്നത് അഭിനന്ദനാർഹം തന്നെയാണ്. അപ്ലൈഡ് ഫോക്‌ലോറിന്റെ മുഴുനീള സിനിമയിൽ ഉപയോഗിക്കുക വഴി അതുവരെയുണ്ടായിരുന്ന സാമൂഹിക ധാരണകളെയും സൗന്ദര്യ സങ്കല്പങ്ങളെയും ചോദ്യം ചെയ്യാൻ അരവിന്ദനു കഴിഞ്ഞു. 'കാഞ്ചനസീത'യുടെ എടുത്തു പറയേണ്ട നേട്ടവും അതുതന്നെയാണ്. പ്രായോഗിക ഫോക്‌ലോറിന്റെ പ്രയോഗം വഴി 'കാഞ്ചനസീത' കലാമൂല്യമുള്ള സിനിമകളുടെ കൂട്ടത്തിൽ ഇടം പിടിച്ചു. രാമായണത്തിന്റെ വ്യത്യസ്ത പാഠമായി 'കാഞ്ചനസീത' മാറാൻ കാരണം അതിലെ അപ്ലൈഡ് ഫോക്‌ലോറിന്റെ പ്രയോഗമാണെന്ന് നിസ്സംശയം പറയാം.

## കുറിപ്പുകൾ

*1. രാജകൃഷ്ണൻ വി., കാഴ്ചയുടെ അശാന്തി, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1992. പു. 181*

*2. രാഘവൻ പയ്യനാട്, ഫോക്‌ലോർ, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012. പു. 430.*

## ഗ്രന്ഥസൂചി


1. *ചന്ദ്രശേഖർ എ., ഹരിത സിനിമ, കോഴിക്കോട്, ഒലിവ് പബ്ലിക്കേഷൻസ്, 2016. പ്രിന്റ്.*
2. *രാഘവൻ പയ്യനാട്, ഫോക്‌ലോർ, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012. പ്രിന്റ്.*
3. *രാജകൃഷ്ണൻ വി., കാഴ്ചയുടെ അശാന്തി, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1992. പ്രിന്റ്*
4. *വിജയകൃഷ്ണൻ, ചലച്ചിത്ര സമീക്ഷ, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001. പ്രിന്റ്.*
5. *വിജയകൃഷ്ണൻ, മലയാള സിനിമയുടെ കഥ, കോഴിക്കോട്, മാതൃഭൂമി ബുക്സ്, 2004. പ്രിന്റ്.*
6. *ശ്രീകണ്ഠൻ നായർ, സി.എൻ. നാടകത്രയം, കോട്ടയം, ഡി.സി. ബുക്സ്, 2001. പ്രിന്റ്.*